# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 741</u> <u>12.06.2013-ലെ മറുപടിക്ക്</u>

## <u>പുതിയ മെഡിക്കൽ കോളേജുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ഡൊമനിക് പ്രസന്റേഷൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. വി. പി. സജീന്ദ്രൻ :<br>ശ്രീ. എം. പി. വിൻസെന്റ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ;<br><br>(ബി) എവിടെയൊക്കെയാണ് തുടങ്ങാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി) ഇവ തുടങ്ങുന്നതിനുള്ള എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) (ബി) & (സി)<br>പത്തനംതിട്ട ജില്ലയിലെ കോന്നി, ഇടുക്കി ജില്ലയിലെ ഇടുക്കി, മലപ്പുറം ജില്ലയിലെ മഞ്ചേരി, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക എന്നിവിടങ്ങളിലാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.<br>പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഒരു പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കാനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്തെ നെയ്യാറ്റിൻകര... തലവിലുള്ള ജനറൽ ആശുപത്രിയെയും തൈക്കാട് മാതൃ-ശിശു ആശുപത്രിയെയും സംയോജിപ്പിച്ചുകൊണ്ട് പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പാലക്കാട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. പ്രസ്തുത മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിരമിച്ച ഡോ. പി.ജി.ആർ. പിള്ളയെ സ്പെഷ്യൽ ഓഫീസർ ആയി നിയമിച്ചിട്ടുണ്ട്. കൂടാതെ ഓരോ മെഡിക്കൽ കോളേജുകൾക്കും വേണ്ടി പ്രോജക്ട് സ്പെഷ്യൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജുകളുടെ |

നിർമ്മാണത്തിനായുള്ള വിശദമായ പദ്ധതി രേഖ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. കോന്നിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് എച്ച്.എൽ.എല്ലിനെയും മഞ്ചേരി മെഡിക്കൽ കോളേജ്, ഇടുക്കി മെഡിക്കൽ കോളേജ് , കാസർഗോഡ് മെഡിക്കൽ കോളേജ് എന്നിവയുടെ പദ്ധതി നടത്തിപ്പ് കിറ്റ്കോയെയും ഏൽപ്പിച്ചിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ ആരംഭിക്കുന്ന ഹരിപ്പാട് മെഡിക്കൽ കോളേജിനായി 10.53.40 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജിനായി പൊതുമരാമത്ത് വകുപ്പിന്റേയും ഗ്രാമ വികസന വകുപ്പിന്റേയും കൈവശമുള്ള 3.22 ഏക്കർ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. കാസർഗോഡ് , ഇടുക്കി എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളുടെ സ്ഥലമെടുപ്പ് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോന്നി മെഡിക്കൽ കോളേജിന് വേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ 2013–14–ൽ പ്രവേശന നടപടികൾ ആരംഭിക്കുന്നതിനായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിന് കേരള ആരോഗ്യ സർവ്വകലാശാലയുടെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിനായി 108 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ എന്നിവരുൾപ്പെടെ 11 തസ്തികകളിലേക്ക് നിയമനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരത്ത് പുതിയതായി സ്ഥാപിക്കുന്ന മെഡിക്കൽ കോളേജിന്റെ ശിലാസ്ഥാപനവും നടത്തിയിട്ടുണ്ട്.

| | |
|---|---|
| (ഡി) ഇതിനുള്ള ധനസമാഹരണം എങ്ങനെയാണ് നടത്തുവാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | (ഡി) ഹരിപ്പാട് ഒഴികെയുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് സർക്കാർ ആണ് നൽകുന്നത്. ഹരിപ്പാട് മെഡിക്കൽ കോളേജിനായി രൂപീകരിക്കപ്പെട്ട കമ്പനിയിലെ ഓഹരി ഉടമകളിൽ നിന്നാണ് ധനസമാഹരണം നടത്താൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ